# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*


**നം. പി.ആർ.143/2024** **തിരുവനന്തപുരം, തീയതി: 28/06/2024**

## പത്രക്കുറിപ്പ്

## സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിൽ നാലു വർഷ ബിരുദ കോഴ്സുകളിലേക്ക് (202425 അധ്യയന വർഷം) **SC/ST** വിഭാഗങ്ങളിൽ നിന്നും ഒഴിവുള്ള സീറ്റുകളിലേക്ക് 29/06/2024ന് കാര്യവട്ടം ക്യാമ്പസ്സിൽ വെച്ച് സ്പോട്ട് അഡ്മിഷൻ നടക്കുന്നു. പങ്കെടുക്കാൻ താല്പര്യമുള്ള വിദ്യാർത്ഥികൾ അസൽ രേഖകളുമായി 29/06/2024നു അതാതു പഠനവകുപ്പുകളിൽ രാവിലെ പത്തുമണിക്കു മുമ്പായി എത്തിച്ചേരേണ്ടതാണ് . ഒഴിവുകൾ – കോമേഴ്സ് **ST-1**, മലയാളം **SC-3,ST-1**,സംസ്കൃതം **SC-3,ST-1**, എക്കണോമിക്സ് **ST 1**,പൊളിറ്റിക്കൽ സയൻസ് **ST-1**,മാത്തമാറ്റിക്സ് **SC-2,ST-1**, സൈക്കോളജി **ST-1**,കെമിസ്ട്രി **SC-1,ST-1**, ഫിസിക്സ് **ST-1**, ജിയോളജി **ST-1**,ഹിന്ദി **SC-3**, **ST-1**, ബി.ബി.എ **ST-1**, കമ്പ്യൂട്ടർ സയൻസ് **ST-1.**

## പരീക്ഷാഫലം

കേരളസർവകലാശാല **2024** ഏപ്രിലിൽ നടത്തിയ നാലാം വർഷ ബി.എഫ്.എ. (പെയിന്റിംഗ്, സ്കൾപ്ച്ചർ, അപ്ലൈഡ് ആർട്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും **2024** ജൂലൈ **17** വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല **2024** ഏപ്രിലിൽ നടത്തിയ പത്താം സെമസ്റ്റർ പഞ്ചവർഷ ഇന്റഗ്രേറ്റഡ് ബി.എ./ബി.കോം./ബി.ബി.എ. എൽ.എൽ.ബി. പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും **2024** ജൂലൈ **8** വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല **2024** ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എ. ജേർണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ, ബി.പി.എ. മ്യൂസിക്, ബി.പി.എ. മ്യൂസിക് (വീണ/വയലിൻ/മൃദംഗം), ബി.പി.എ. ഡാൻസ്, ബി.പി.എ. വോക്കൽ എന്നീ ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധന യ്ക്കും **2024** ജൂലൈ **10** വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## കേരളസർവകലാശാലയും കിംഗ് സൽമാൻ അക്കാദമിയും കൈ കോർക്കുന്നു

കേരളസർവകലാശാല അറബി വിഭാഗവും സൗദി സാംസ്കാരിക മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന കിംഗ് സൽമാൻ ഗ്ലോബൽ അക്കാദമിയും ചേർന്ന് അറബി ഭാഷ

വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമായി പരിശീലനം സംഘടിപ്പിക്കുന്നു. അറബി ഭാഷയുടെ ആഗോളതലത്തിലുള്ള വളർച്ച ലക്ഷ്യമാക്കി സൗദി സർക്കാർ ആരംഭിച്ച സാംസ്കാരിക സംരംഭമാണ് കിംഗ് സൽമാൻ അക്കാദമി. ഭാഷയുടെ പുരോഗമനത്തിനായുള്ള ഗവേഷണ പ്രവർത്തനങ്ങൾ, ഭാഷ പഠനത്തിനും മൂല്യ നിർണയത്തിനുമായുള്ള സോഫ്ട്‌വെയറുകളുടെ നിർമാണം, അറബി ഭാഷ അധ്യാപന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കൽ തുടങ്ങിയവയാണ് അക്കാദമിയുടെ മുൻനിര പ്രവർത്തനങ്ങൾ. പരിശീലന പരിപാടികൾക്കായി ഇന്ത്യയിൽ നിന്നും കേരളസർവകലാശാലക്ക് പുറമെ ഡൽഹി ജവഹർലാൽ നെഹ്‌റു സർവകലാശാല യാണ് തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. **2024** ജൂലായ് **22** മുതൽ **26** വരെ നീണ്ടുനിൽക്കുന്ന പരിശീലനത്തിന് സൗദിയിലെ വിവിധ സർവകലാശാലകളിൽ നിന്നുള്ള ഡീനുമാരും, പ്രൊഫസർമാരും നേതൃത്വം നൽകും.

## സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സ്

കേരളസർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം കാര്യവട്ടം ക്യാമ്പസ്സിൽ **2024** ജൂലൈ **13** ന് ആരംഭിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. യോഗ്യത: പ്ലസ്ടു/പ്രീ ഡിഗ്രി ജയിച്ചിരിക്കണം. കോഴ്സ് കാലാവധി : ആറ് മാസം, ക്ലാസ്സുകൾ : ശനി, ഞായർ ദിവസങ്ങളിൽ, കോഴ്സ് ഫീസ് : **Rs. 9000/-**, ഉയർന്ന പ്രായപരിധി ഇല്ല. അസ്സൽ സർട്ടിഫിക്കറ്റും പകർപ്പും ഒരു ഫോട്ടോയും സഹിതം പി.എം.ജി. ജംഗ്ഷനിലുള്ള സ്റ്റുഡന്റ്സ് സെന്റർ ക്യാമ്പസിലെ **CACEE** ഓഫീസിൽ ഹാജരാകണം. വിശദവിവരങ്ങൾക്ക്: **0471-2302523.**

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല **2024** ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്‌സി. പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി **2024** ജൂലൈ **1** മുതൽ ജൂലൈ **8** വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ റീവാല്യുവേഷൻ ഇ.ജെ. **II** (രണ്ട്) സെക്ഷനിൽ ഹാജരാകേണ്ടതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

| |
|---|
| ***University information is available on*** **9188526670, 9188526671, 9188526674, 9188526675**<br>**Whats App No. 8547330240** |